"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം- ജീവനക്കാര്യം- രാജാക്കാട് ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.അഖിൽജിത്ത്.എയ്ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.604/2024/LBR  തീയതി,തിരുവനന്തപുരം, 06-06-2024

---

പരാമർശം:-

1. രാജാക്കാട് ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.അഖിൽജിത്ത്.എ 18/09/2023ൽ സമർപ്പിച്ച അപേക്ഷ
2. ട്രെയിനിംഗ് ഡയറക്ടറുടെ 08/12/2023 തീയതിയിലെ ഡി.ടി/5636/2023-എ7നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള രാജാക്കാട് ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.അഖിൽജിത്ത്.എയ്ക്ക് ആലപ്പുഴ അറവുകാട് പ്രൈവറ്റ് ഐ.ടി.ഐയിൽ ഇലക്ട്രീഷ്യൻ ട്രേഡ് പഠിക്കുന്നതിനായി 25/09/2023 മുതൽ 31/07/2025 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രാജാക്കാട് ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.അഖിൽജിത്ത്.എയ്ക്ക് 25/09/2023 മുതൽ 31/07/2025 വരെ (24/09/2023 മുൻചേർത്ത്) കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.അഖിൽജിത്ത്.എ, ജൂനിയർ ഇൻസ്ട്രക്ടർ , ഐ.ടി.ഐ, വളയം (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (23/04/2024-ലെ 2737487/എൽ.ബി.ആർ1/65/2024/ധന നമ്പർ നോട്ട് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
സെക്ഷൻ ഓഫീസർ
Date: 06-06-2024 14:22:59